പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1827 — 05.12.2014 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം - ആശ്വാസകിരണം -പദ്ധതികൾ

ചോദ്യം — ശ്രീ. വി. ശിവൻകുട്ടി

ഉത്തരം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹു. സാമൂഹ്യ ക്ഷേമ വകുപ്പ മന്ത്രി, സഭയെ അറിയിച്ചിരുന്നത് സ്നേഹപൂർവ്വം-ആശ്വാസ കിരണം പദ്ധതികളിൽ ധനസഹായത്തിന് അപേക്ഷിച്ച മുഴുവൻ പേർക്കും 2014 സെപ്റ്റംബർ 30നു മുമ്പ് അതു നൽകുമെന്നാണ്.എന്നാൽ ഇരു പദ്ധതികളിലുമായി 25000 -ൽ അധികം പേർക്ക് ഇനിയും ധനസഹായം ലഭിക്കാത്തത് എന്തുകൊണ്ടാണ് ; | (എ) | സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിനുവേണ്ടിയുള്ള 8563 അപേക്ഷകൾ കഴിഞ്ഞ നിയമസഭ സമ്മേളന കാലത്ത് തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്നതായി അറിയിച്ചിരുന്നു. ഇതിനു പുറമേ കോഴിക്കോട് റീജിയണൽ ഡയറക്ടർ ആഫീസിൽ നിന്നും 3825 അപേക്ഷകൾ കൂടി ലഭിക്കുകയുണ്ടായി. ടി കാലയളവിൽ ആകെ ലഭ്യമായിരുന്ന 12388 അപേക്ഷകളിൽ 9952 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 2436 അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് 15.12.2014 ന് മുമ്പ് ധനസഹായം അനുവദിച്ച നൽകുന്നതാണ്.<br>ആശ്വാസ കിരണം പദ്ധതി ധനസഹായത്തിനുവേണ്ടി ലഭിച്ചതിൽ കഴിഞ്ഞ നിയമസഭ സമ്മേളന കാലത്ത് തീർപ്പാക്കാനുണ്ടായിരുന്ന 15692 അപേക്ഷകളിൽ 5971 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാക്കി 9721 പേർക്ക് 31.12.2014 നു മുമ്പ് ധനസഹായം അനുവദിക്കുന്നതാണ്. ആശ്വാസകിരണം പദ്ധതി ധനസഹായം അനുവദിച്ചു വരുന്ന 60130 പേരുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്ന ജോലി കൂടി ഇതേ കാലയളവിൽ ചെയ്യേണ്ടി വന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ | (ബി) | ആശ്വാസകിരണം, സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിക്കുന്നതിൽ |

| | | | |
|---|---|---|---|
| | എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | | ജീവനക്കാരുടെ ഭാഗത്തു നിന്നും മനപൂർവ്വമുള്ള അനാസ്ഥ ഉണ്ടായിട്ടില്ല. വളരെയധികം അപേക്ഷകൾ ലഭിച്ചതിനാലും ലൈഫ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ജോലികളും ഒരേ സമയം ചെയ്യേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായത്. |

**സെക്ഷൻ ഓഫീസർ**